**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. ശ്രീകുമാർ. ബി.ആർ-ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ. (സാധാ) നം.239/2018/തസ്വഭവ തീയതി, തിരുവനന്തപുരം,25.01.2018

---

പരാമർശം : 1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.11.2017 ലെ ഇ 5-13995/17/കെ ഡിസ് നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 06.12.2017 ലെ ഇ 6-41334/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. ശ്രീകുമാർ. ബി.ആർ-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) പ്രകാരം അപേക്ഷ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ. ശ്രീകുമാർ. ബി.ആർ 17.12.2007 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം.ഒ.പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 17.12.2009 മുതൽ ഒരു വർഷത്തേക്ക് പരാമർശം(1) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 20.07.2011 ൽ ടിയാൻ എം.ഒ.പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 21.07.2011 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 22.07.2011 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം(2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. ശ്രീകുമാർ. ബി.ആർ, എം.ഒ.പി പരീക്ഷ വിജയിച്ച 20.07.2011 ന്റെ തൊട്ടടുത്ത ദിവസമായ 21.07.2011 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 22.07.2011 AN വരെ കെ.എസ്&എസ്.എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത് വി.പി**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, എറണാകുളം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 337/ഇപിഎ 1/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ